

ഖുർആൻ ആശയ വിവരണം
**കെ പി സകരിയ്യ**

# കപടന്മാരുടെ നിലപാട്

**(അധ്യായം 59 • ഹശ്ർ)**

أَلَمْ تَرَ إِلَى ٱلَّذِينَ نَافَقُوا۟ يَقُولُونَ لِإِخْوَٰنِهِمُ
ٱلَّذِينَ كَفَرُوا۟ مِنْ أَهْلِ ٱلْكِتَٰبِ لَئِنْ أُخْرِجْتُمْ
لَنَخْرُجَنَّ مَعَكُمْ وَلَا نُطِيعُ فِيكُمْ أَحَدًا أَبَدًا
وَإِن قُوتِلْتُمْ لَنَنصُرَنَّكُمْ وَٱللَّهُ يَشْهَدُ إِنَّهُمْ لَكَٰذِبُونَ
﴿١١﴾ لَئِنْ أُخْرِجُوا۟ لَا يَخْرُجُونَ مَعَهُمْ وَلَئِن قُوتِلُوا۟ لَا
يَنصُرُونَهُمْ وَلَئِن نَّصَرُوهُمْ لَيُوَلُّنَّ ٱلْأَدْبَٰرَ ثُمَّ
لَا يُنصَرُونَ ﴿١٢﴾ لَأَنتُمْ أَشَدُّ رَهْبَةً فِى صُدُورِهِم
مِّنَ ٱللَّهِ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿١٣﴾ لَا
يُقَٰتِلُونَكُمْ جَمِيعًا إِلَّا فِى قُرًى مُّحَصَّنَةٍ أَوْ
مِن وَرَآءِ جُدُرٍۭ ۚ بَأْسُهُم بَيْنَهُمْ شَدِيدٌ ۚ تَحْسَبُهُمْ
جَمِيعًا وَقُلُوبُهُمْ شَتَّىٰ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْقِلُونَ
﴿١٤﴾ كَمَثَلِ ٱلَّذِينَ مِن قَبْلِهِمْ قَرِيبًا ۖ ذَاقُوا۟ وَبَالَ
أَمْرِهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿١٥﴾ كَمَثَلِ ٱلشَّيْطَٰنِ إِذْ
قَالَ لِلْإِنسَٰنِ ٱكْفُرْ فَلَمَّا كَفَرَ قَالَ إِنِّى بَرِىٓءٌ
مِّنكَ إِنِّىٓ أَخَافُ ٱللَّهَ رَبَّ ٱلْعَٰلَمِينَ ﴿١٦﴾ فَكَانَ
عَٰقِبَتَهُمَآ أَنَّهُمَا فِى ٱلنَّارِ خَٰلِدَيْنِ فِيهَا ۚ وَذَٰلِكَ
جَزَٰٓؤُا۟ ٱلظَّٰلِمِينَ ﴿١٧﴾

11. കാപട്യം കാണിച്ചവരെ നീ കണ്ടില്ലേ? വേദക്കാരിൽ നിന്ന് നിഷേധികളായ തങ്ങളുടെ സഹോദരങ്ങളെ അവർ പ്രലോഭിപ്പിക്കുന്നു. നിങ്ങൾ ബഹിഷ്കൃതരാവുകയാണെങ്കിൽ ഞങ്ങളും നിങ്ങളൊന്നിച്ച് നാട് വിടുകതന്നെ ചെയ്യും. നിങ്ങളുടെ കാര്യത്തിൽ ഒരിക്കലും മറ്റാരെയും ഞങ്ങൾ അനുസരിക്കുകയില്ല. ഇനി നിങ്ങൾക്കെതിരെ യുദ്ധമുണ്ടായാൽ ഉറപ്പായും ഞങ്ങൾ നിങ്ങളെ സഹായിക്കും. അക്കൂട്ടർ നുണ തട്ടിവിടുന്നവരാണെന്നതിന് അല്ലാഹു സാക്ഷി.

12. അക്കൂട്ടർ യഹൂദന്മാർ പുറത്താക്കപ്പെട്ടാൽ ഒരിക്കലും ഇക്കൂട്ടർ കൂടെ പുറത്തുപോവുകയില്ല. അവർ യുദ്ധത്തിന്നിരയായാൽ ഈ കപടന്മാർ അവരെ സഹായിക്കാനും പോകുന്നില്ല. ഇനി സഹായിക്കാനിറങ്ങിയാൽ തന്നെ വൈകാതെ പിന്തിരിഞ്ഞോടുക തന്നെ ചെയ്യും. പിന്നെ അവർക്ക് ഒരിടത്തുനിന്നും ഒരു സഹായവും ലഭിക്കുകയുമില്ല.

13. ആ കപടവിശ്വാസികളുടെ മനസ്സുകളിൽ അല്ലാഹുവിനോടുള്ളതിലേറെ ഭയം നിങ്ങളോടാണ്. അതെന്തുകൊണ്ടെന്നാൽ അവരൊട്ടും വസ്തുതകൾ മനസ്സിലാക്കാത്ത ഒരു വിഭാഗമാണ്.

14. കോട്ട കെട്ടിയ പ്രദേശങ്ങളിൽ വെച്ചോ വൻമതിലുകൾക്ക് പിന്നിൽ ഒളിച്ചിരുന്നോ അല്ലാതെ നിങ്ങളോടവർ അടരാടുകയില്ല. അവർക്കിടയിൽ പരസ്പര പോര് അതിരൂക്ഷമാണ്. അവർ ഒറ്റക്കെ

ട്ടാണെന്ന് നിനക്ക് തോന്നും. എന്നാൽ അവരുടെ മനസ്സുകൾ പലതാണ്. ഇവർ ബുദ്ധിഹീനരായതുകൊണ്ടത്രെ അത്.

15. അവർ അവരുടെ തൊട്ടുമുമ്പുള്ളവരെപ്പോലെ തന്നെയാണ്. അവരുടെ ദുഷ്കർമങ്ങളുടെ ഫലം അവർ ആസ്വദിച്ചുകഴിഞ്ഞു. ഇവർക്കും നോവേറിയ ശിക്ഷയുണ്ട്.

16. പിശാചിന്റെ അവസ്ഥയും തഥൈവ. നീ അവിശ്വാസിയാവുക എന്ന് പിശാച് മനുഷ്യനോട് പറയും. അങ്ങനെ മനുഷ്യൻ അവിശ്വാസിയായാൽ പിശാച് പറയും, എനിക്ക് നീയുമായി ഒരു ബന്ധവുമില്ല. എനിക്ക് പ്രപഞ്ചനാഥനായ അല്ലാഹുവിനെ ഭയമാണ്.

17. ഇരുവരുടെയും പരിണിതി, നരകത്തിൽ നിത്യവാസികളാവുക എന്നതത്രെ. ഇതു തന്നെയാകുന്നു അക്രമികൾക്കുള്ള പ്രതിഫലം (ഹശ്ർ 11–17)

## പദവിശകലനം

**ألم تر** നീ കണ്ടില്ലേ?, **إلى الذين** യാതൊരുവരെ, **نافقوا** കാപട്യം കാണിച്ച, **يقولون** അവർ പറയുന്നു, **لإخوانهم** തങ്ങളുടെ സഹോദരങ്ങളോട്, **الذين كفروا** നിഷേധികളായ, **من أهل الكتاب** വേദക്കാരിൽനിന്ന്, **لئن أخرجتم** നിങ്ങൾ ബഹിഷ്കരിക്കപ്പെടുകയാണെങ്കിൽ, **لنخرجن** ഞങ്ങളും നാടുവിടുക തന്നെ ചെയ്യും, **معكم** നിങ്ങളോടൊപ്പം, **ولا نطيع** ഞങ്ങൾ അനുസരിക്കുകയുമില്ല, **فيكم** നിങ്ങളുടെ കാര്യത്തിൽ, **أحدا** ഒരാളെയും, **ابدا** ഒരിക്കലും, **وإن فوتلتم** നിങ്ങളോട് യുദ്ധം ചെയ്താൽ, **لننصرنكم** നിശ്ചയമായും ഞങ്ങൾ നിങ്ങളെ സഹായിക്കും, **يشهد** **والله** അല്ലാഹു സാക്ഷിയാകുന്നു, **إنهم** തീർച്ചയായും അവർ, **لكاذبون** നുണ തട്ടിവിടുന്നവരാണ്, **لئن أخرجوا** അവർ പുറത്താക്കപ്പെട്ടാൽ, **لا يخرجون** അവർ പുറത്തു പോവുകയില്ല, **معهم** അവരുടെ ഒപ്പം, **ولئن قوتلوا** അവർ യുദ്ധത്തിന്നിരയായാൽ, **لا ينصرهم** ഇവർ അവരെ സഹായിക്കാനും പോകുന്നില്ല, **ولئن نصروهم** ഇനി സഹായിക്കാനിറങ്ങിയാൽ തന്നെ, **ليولن الأدبار** ഇവർ പിൻതിരിഞ്ഞോടും, **ثم لا ينصرون** പിന്നെ ഒരു സഹായവും ലഭിക്കുകയില്ല, **لأنتم** നിങ്ങളോടാണ്, **أشد رهبة** അധികം പേടിക്കുന്നവരാണ്, **في صدورهم** അവരുടെ മനസ്സുകളിൽ, **من الله** അല്ലാഹുവിനെക്കാളും, **ذلك** അത്, **بأنهم قوم** അവർ ഒരു ജനതയാണ്, **لا يفقهون** മനസ്സിലാകാത്ത, **لا يقاتلونكم** നിങ്ങളോട് അവർ അടരാടുകയില്ല, **جميعا** ഒന്നിച്ച്, **إلا في قرى** നാടുകളിൽ വെച്ചല്ലാതെ, **محصنة** കോട്ടകെട്ടിയ, **أومن وراء** അല്ലെങ്കിൽ പിന്നിൽ നിന്നല്ലാതെ, **حذر** മതിലുകളുടെ, **بأيهم** അവരുടെ സമരം, **بينهم** അവർക്കിടയിൽ, **شديد** കഠിനമായതാണ്, **تحسبهم** അവരെപ്പറ്റി നിനക്ക് തോന്നും, **جميعا** ഒറ്റക്കെട്ടാണ്, **وقلوبهم** അവരുടെ മനസ്സുകൾ, **شتى** പലതാണ്, **ذلك** അത്, **بأنهم** അവരായതുകൊണ്ടത്രെ, **قوم** ഒരു ജനത, **لا يعقلون** ബുദ്ധി കൊടുക്കാത്തവരായ, **كمثل الذى** യാതൊരുവരെപ്പോലെയാണ്, **من قبلهم** അവരുടെ മുമ്പുള്ളവരെ, **قريبا** സമീപകാലത്ത്, **ذاقوا** അവർ ആസ്വദിച്ചുകഴിഞ്ഞു, **أمرهم** **وبال** അവരുടെ കാര്യത്തിന്റെ ദുഷ്ഫലം, **ولهم** അവർക്കും, **عذاب اليم** നോവേറിയ ശിക്ഷ, **كمثل الشيطان** പിശാചിനെപ്പോലെ, **إذ قال** അവൻ പറഞ്ഞ സന്ദർഭം, **للإنسان** മനുഷ്യനോട്, **أكفر** നീ അവിശ്വാസിയാവുക, **فلما كفر** അങ്ങനെ മനുഷ്യൻ അവിശ്വാസിയായാൽ, **قال** പിശാച് പറയും, **إني بريء** നിശ്ചയമായും ഞാൻ ബന്ധമില്ലാത്തവനാണ്, **منك** നിന്നോട്, **إني أخاف** എനിക്ക് ഭയമാണ്, **الله** അല്ലാഹൂവിനെ, **رب العالمين** പ്രപഞ്ചനാഥനായ, **فكان** അങ്ങനെയായി, **عاقبتهما** ഇരുവരുടെയും പരിണിതി, **أنهما في النار** രണ്ടുപേരും നരകത്തിലാവുക എന്നതാണ്, **خالدين فيها** നിത്യവാസികളായ നിലയിൽ, **وذلك** അത്, **جزاء الظالمين** അക്രമികൾക്കുള്ള പ്രതിഫലം.

## ആശയം

സത്യമായ ഏതൊരു ആദർശസമൂഹവും അതിന്റെ വികാസഘട്ടത്തിൽ വിവിധ പ്രതിസന്ധികൾ അഭിമുഖീകരിച്ചുകൊണ്ടാണ് വളർന്നുവരിക. മക്കയിലെ കടുത്ത എതിർപ്പിനെ അഭിമുഖീകരിച്ച മുസ്‌ലിം സമൂഹത്തിന് മക്കയിൽ ഏകമുഖമായ ഒരു എതിർപ്പിന്റെ കേന്ദ്രം

മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് മക്കാ മുശ്‌രിക്കുകളുടെ ഭാഗത്തുനിന്നായിരുന്നു. എന്നാൽ മദീനയിൽ മുസ്‌ലിം സമൂഹത്തിന് പുതിയ ചില പ്രതിയോഗികളെക്കൂടി നേരിടേണ്ടിവന്നു. അവരിൽ പ്രബലർ മദീനയിലെ സമ്പന്നരും പലിശരാജാക്കന്മാരും വഞ്ചനയുടെ ആശാന്മാരുമായിരുന്ന ചില ജൂത ഗോത്രങ്ങളായിരുന്നു.

നബി(സ)യുടെയും മുഹാജിറുകളുടെയും സാന്നിധ്യം തങ്ങളുടെ ഭൗതിക താൽപര്യങ്ങൾക്ക് ഹാനിയാകുമെന്ന് കരുതിയ അൽപം ചില മുനാഫിക്കുകളുടെ ഉപജാപങ്ങൾ മറുഭാഗത്തും പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. പകയും വഞ്ചനയും സ്ഥിരസ്വഭാവമാക്കിയ ചില ജൂതഗോത്രങ്ങളും തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾക്ക് നിസ്വാർഥതയുടെ മതദർശനങ്ങൾ തടസ്സമാകുമെന്ന് കരുതിയ മുനാഫിക്കുകളും തമ്മിൽ സത്യവിശ്വാസികളെ അസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങളിൽ പരസ്പരാശ്രിതരായിരുന്നു.

ഈ രണ്ടു വിഭാഗങ്ങളും വിശ്വാസികളുടെ മുന്നേറ്റത്തിൽ അസ്വസ്ഥരായിരുന്നു. അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ നേതൃത്വത്തിൽ കപടന്മാർ വിശ്വാസികൾക്കിടയിൽ ഉപജാപങ്ങൾ സൃഷ്ടിച്ച് വിള്ളലുണ്ടാക്കാൻ ശ്രമിക്കുന്നവരായിരുന്നു. മദീനക്കകത്ത് മുസ്‌ലിംകളുമായി ഉണ്ടാക്കിയ കരാറനുസരിച്ച് മാന്യമായി ജീവിക്കുന്നതിനു പകരം പാരപണിയാനുള്ള കുടിലതന്ത്രമാണ് ബനുന്നളീർ എന്ന ജൂതഗോത്രം പയറ്റിയിരുന്നത്. സ്വയം തന്നെ ആത്മശക്തിയില്ലാത്ത ഭീരുക്കളായ മുനാഫിക്കുകൾ ഞങ്ങൾ നിങ്ങളെ സഹായിക്കുകയും പിൻതുണക്കുകയും ചെയ്യുമെന്ന് വാഗ്ദാനം നൽകി ജൂതരെ ഇളക്കിവിടാൻ ശ്രമിക്കുന്നു. എന്നാൽ അവർ തനിതട്ടിപ്പ് പറഞ്ഞ് സ്വയം ശക്തിയുണ്ടെന്ന് വരുത്താൻ ശ്രമിക്കുകയാണ്. എന്നാൽ ഈ മുനാഫിക്കുകൾ അതിന് മാത്രം ശക്തരോ പ്രാപ്തരോ അല്ല. പോരാട്ടത്തിന്റെ ഭൂമികയെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ സ്വയം തന്നെ വാൽ പൊക്കിയോടുന്ന ഇവർക്ക് അവരെത്തന്നെ സംരക്ഷിക്കാനാവില്ലായെന്നതാണ് യാഥാർഥ്യം. ഈ വസ്തുത ബനുന്നളീറിന്റെ കാര്യത്തിൽ മാത്രമല്ല, ബനൂഖുറൈദയുടെ കാര്യത്തിലും ഖൈബർ പോർ ഭൂമിയിലും അവർ പ്രകടിപ്പിച്ചതാണ്.

കപടവിശ്വാസികൾ മനസ്സുകളിൽ അല്ലാഹുവിനെക്കുറിച്ചുള്ള ശരിയായ ധാരണ രൂപംകൊള്ളാത്തതിനാൽ അല്ലാഹുവിനെപ്പറ്റിയുള്ള ഭയത്തേക്കാൾ പ്രത്യക്ഷത്തിൽ കാണുന്ന വിശ്വാസികളെപ്പറ്റിയുള്ള ഭയം കൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതിനാൽ അവർ പ്രകടമായി വിശ്വാസി സമൂഹത്തിലാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയും സ്വകാര്യമായി വിശ്വാസികൾക്ക് പാരപണിയാൻ ശ്രമിക്കുകയും ചെയ്യുന്നു. സത്യവിശ്വാസികളുടെ ആത്മാർഥതയും സത്യസന്ധതയും വിശ്വാസദാർഢ്യതയും ധീരതയും അവർക്ക് ചിരപരിചിതമാണ്. അതിനാൽതന്നെ വിശ്വാസികളോട് നേരിട്ട് കൊമ്പുകോർക്കാൻ അവർക്ക് ആർജവമില്ല. അതിനാൽതന്നെ രഹസ്യവും ഗൂഢവുമായി വിശ്വാസികളെ അപായപ്പെടുത്താൻ ശ്രമിക്കുകയാണ്.

ആദർശ വൈരുധ്യങ്ങളാൽ ഭിന്നമായിത്തീർന്നവരും മാനസികഘടനയിൽ ഏകാന്തതയില്ലാത്തവരുമായ ഇവർ തങ്ങൾ ഒറ്റക്കെട്ടാണെന്ന് വരുത്താൻ പ്രത്യക്ഷത്തിൽ ശ്രമിക്കുന്നുണ്ടെങ്കിലും അവർ പരസ്പരം വിശ്വാസമില്ലാത്തവരും മാനസിക ഐക്യമില്ലാത്തവരുമാണ്. പരസ്പരം പകയും അമർഷവും വിദ്വേഷവും വിരോധവും വെച്ചുപുലർത്തുന്നവരുമാണ്. പ്രത്യക്ഷത്തിലുള്ള ഏകാന്തത കൊണ്ടോ ഐക്യംകൊണ്ടോ കാര്യമില്ല. ആദർശ ഐക്യവും മാനസിക ഐക്യവും പ്രധാനമാണെന്ന് ഇവിടെ ഓർമിപ്പിക്കുന്നു.

കപടരായ മുനാഫിഖുകളും വഞ്ചകരായ യഹൂദികളും നേരിട്ട തകർച്ചകൾ പലതും ചരിത്രത്തിൽ നിങ്ങൾ കാണുന്നു. അതെല്ലാം അവർ അവർക്കുവേണ്ടി സ്വയം സമ്പാദിച്ച കാര്യങ്ങളാണ്. അതെല്ലാം അവരുടെ ദുഷ്ചെയ്തികളുടെ ഫലവുമാണ്. ഇവരെ വഴിതെറ്റിക്കാൻ ശ്രമിച്ച പിശാചുതന്നെയും അവസാനം എല്ലാ കാര്യവും കയ്യൊഴിയുന്നതാണ്. ഇവരുടെയെല്ലാം പര്യവസാനസങ്കേതം നരകം തന്നെയാണ്. അതിനാൽ ഉള്ളും പുറവും ഒരുപോലെ സംശുദ്ധമായ ജീവിതം കെട്ടിപ്പടുക്കാൻ ശ്രമിക്കുക.

## ജനങ്ങളെ ഭയക്കുന്ന ഭീരുക്കൾ

വിശ്വാസദാർഢ്യതയില്ലാത്തവരുടെ മാനസിക പ്രവണത സൂറ നിസാഇൽ ഇപ്രകാരം പ്രതിപാദിക്കുന്നു.

إِذَا فَرِيقٌ مِّنْهُمْ يَخْشَوْنَ ٱلنَّاسَ كَخَشْيَةِ ٱللَّهِ أَوْ أَشَدَّ خَشْيَةً

അവരിൽ ഒരുവിഭാഗമതാ അല്ലാഹുവെ ഭയപ്പെടും പോലെയോ, അതിനെക്കാൾ ശക്തമായ നിലയിലോ ജനങ്ങളെ ഭയപ്പെടുന്നു (അന്നിസാഅ് 77)

## പിശാച് കയ്യൊഴിയും

വിശുദ്ധ ഖുർആൻ പിശാചിന്റെ കയ്യൊഴിയലിനെ പലയിടത്തും വിവരിക്കുന്നുണ്ട്. സൂറത്ത് അൻഫാലിൽ ഇപ്രകാരം പറയുന്നു.

وَإِذْ زَيَّنَ لَهُمُ ٱلشَّيْطَٰنُ أَعْمَٰلَهُمْ وَقَالَ لَا غَالِبَ لَكُمُ ٱلْيَوْمَ مِنَ ٱلنَّاسِ وَإِنِّى جَارٌ لَّكُمْ ۖ فَلَمَّا تَرَآءَتِ ٱلْفِئَتَانِ نَكَصَ عَلَىٰ عَقِبَيْهِ وَقَالَ إِنِّى بَرِىٓءٌ مِّنكُمْ إِنِّىٓ أَرَىٰ مَا لَا تَرَوْنَ إِنِّىٓ أَخَافُ ٱللَّهَ ۚ وَٱللَّهُ شَدِيدُ ٱلْعِقَابِ ﴿٤٨﴾

“ചെകുത്താൻ അവർക്ക് അവരുടെ ചെയ്തികൾ ചേതോഹരമായി തോന്നിപ്പിച്ച സന്ദർഭം. അവൻ പറഞ്ഞു: ‘ഇന്ന് നിങ്ങളെ ജയിക്കുന്നവരായി ജനങ്ങളിൽ ആരുമില്ല. ഉറപ്പായും ഞാൻ നിങ്ങളുടെ രക്ഷകനായിരിക്കും’. അങ്ങനെ ഇരുപക്ഷവും ഏറ്റുമുട്ടിയപ്പോൾ അവൻ പിൻമാറി. എന്നിട്ടിങ്ങനെ പറയുകയും ചെയ്തു. എനിക്ക് നിങ്ങളുമായി യാതൊരു ബന്ധവുമില്ല. നിങ്ങൾ കാണാത്തത് ഞാൻ കാണുന്നുണ്ട്. ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണല്ലോ” (അൽഅൻഫാൽ 48)

●